**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 716** **28-06-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഉമ തോമസ്,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ എം വിൻസെൻറ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സഹകരണ സ്ഥാപനങ്ങളിൽ ഓഡിറ്റ് നടത്തുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | കേരള സഹകരണ നിയമം, ചട്ടം, ആഡിറ്റ് മാന്വൽ, സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലറുകൾ, സംഘം ബൈലോ, അംഗീകരിക്കപ്പെട്ട സബ് റൂളുകൾ എന്നിവയുടെ അടിസ്ഥാന- ത്തിലാണ് സഹകരണ ബാങ്കുകളിലെ ആഡിറ്റ് നിർവ്വഹിക്കപ്പെടുന്നത്. ഓരോ സഹകരണ ബാങ്കിന്റെയും കണക്കുകൾ പൂർണ്ണമായും പരിശോധിച്ച് ആഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നത് ബന്ധപ്പെട്ട ആഡിറ്റർമാരാണ്. യൂണിറ്റ് അടിസ്ഥാന ത്തിലും കെ.എസ്.ആർ. 156 പ്രകാരം സിംഗിൾ/ഗ്രൂപ്പ് കൺകറന്റ് ആഡിറ്റർ മാരെ നിയമിച്ചും ആഡിറ്റ് ജോലികൾ നിർവ്വഹിക്കപ്പെട്ട് വരുന്നു. |
| (ബി) | വിപുലമായ സേവന ശൃംഖലകൾ ഉള്ള സഹകരണ വകുപ്പിൽ ഓഡിറ്റ് നടപടികളിലൂടെ കണ്ടെത്തുന്ന പിഴവുകളിലെ തുടർനടപടികൾ വകുപ്പിന്റെ നിയന്ത്രണത്തിലല്ലാത്ത ഏതെങ്കിലും സംവിധാനം പരിശോധിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | ഉണ്ട്.<br><br>ഓഡിറ്റിലോ മറ്റ് അന്വേഷണങ്ങളിലോ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം ആയത് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ ആ വകുപ്പിന്റെ ശ്രദ്ധയിൽ പ്പെടുത്തി മേൽനടപടികൾ സ്വീകരിക്കു വാൻ നിർദേശം നൽകിയിട്ടുണ്ട്. സമഗ്ര നിയമപരിഷ്കരണ സമയത്ത് ഓഡിറ്റിലും മറ്റും ചൂണ്ടിക്കാണിക്കുന്ന ക്രമക്കേടുകൾ പരിശോധിക്കുന്നതിന് ഒരു പ്രത്യേക സമിതിയെ നിയോഗിക്കുന്ന വിഷയം പരിഗണിക്കുന്നതാണ്. |
| (സി) | സഹകരണ സ്ഥാപനങ്ങളുടെ സാമ്പത്തിക ഇടപാടുകളും ബഡ്ജറ്റ് വിഹിത വിനിയോഗവും കൂടുതൽ സുതാര്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | സഹകരണ വകുപ്പിൽ പദ്ധതി വിഹിതത്തിന്റെ ഫലപ്രദമായ വിനിയോഗം ഉറപ്പുവരുത്തുന്നതിനും പദ്ധതി നടത്തിപ്പ് നിരീക്ഷിക്കുന്നതിനും ധന സഹായം നൽകിയതിന്റെ തിരിച്ചടവ് മോണിറ്റർ |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിനും വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>കൂടാതെ ധനസഹായം അനുവദിച്ചിട്ടുള്ള പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി ഒരു മോണിറ്ററിംഗ് ടീം ജില്ലകളിൽ പദ്ധതി പുരോഗതിയുടെ ഭൗതിക പരിശോധന നടത്തി വരികയും ചെയ്യുന്നു.<br><br>പദ്ധതി തുക വിനിയോഗിച്ചത് സംബന്ധിച്ച വിനിയോഗ സർട്ടിഫിക്കറ്റുകൾ സമയ ബന്ധിതമായി പരിശോധിച്ച് സമർപ്പിക്കുന്നതിന് രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>പദ്ധതികളുടെ നിർവഹണ പുരോഗതി ഗവൺമെന്റ് തലത്തിൽ അവലോകനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ